പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3860

15.12.2014 ൽ മറുപടിയ്ക്ക്

**പള്ളിക്കൽ പോലീസിന്റെ കേസ് അന്വേഷണം സംബന്ധിച്ച പരാതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 482/2011 എന്ന കേസിന്റെ അന്വേഷണം ഫലപ്രദമല്ലായെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 482/2011-ാം നമ്പർ കേസ് 09.10.2013 മുതൽ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഫലപ്രദമായി അന്വേഷിച്ചുവരികയും എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന Sec. 174 CrPC ഭേദഗതി ചെയ്ത് 498(A) IPC പ്രകാരം ടി കേസിന്റെ അന്വേഷണം നടന്നുവരുന്നതും ഈ കേസിലെ പ്രതിയായ നാസർഖാനെ 07.10.2014 തീയതിയിൽ അറസ്റ്റ് ചെയ്ത് റിമാന്റ് അപേക്ഷ സഹിതം ബഹു. ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് -II കോടതിയിൽ ഹാജരാക്കി യിട്ടുള്ളതുമാണ്. ബഹു. ഹൈക്കോടതി റിമാന്റനുവദിച്ച് 25.10.2014 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ് വരവെ ടിയാൻ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ശുപാർശകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ